LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) പോലീസ് വകുപ്പിന്റെ നവീകരണത്തിനുവേണ്ടി സംസ്ഥാന പ്ലാൻ ഫണ്ടിൽ ചെലവഴിച്ച തുകയുടെയും ഐറ്റത്തിന്റെയും വിവരം അനുബന്ധം (എ)* ആയും കേന്ദ്ര ഫണ്ട് മുഖേന ലഭിച്ച തുകയുടെയും ചെലവിന്റെയും വിവരം അനുബന്ധം (ബി)* ആയും പതിമൂന്നാം ധനകാര്യ കമ്മീഷന്റെ വിഹിതമായി ലഭിച്ച തുകയുടെ വിവരം അനുബന്ധം (സി)* ആയും ചേർത്തിരിക്കുന്നു.

അത്തൂർ മണ്ഡലത്തിലെ പെരുമ്പയത്ത് പോലീസ് എയ്ഡ് പോസ്റ്റ്

177 (1920) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അത്തൂർ മണ്ഡലത്തിലെ ദ്വീപ് പഞ്ചായത്തായ പെരുമ്പയത്ത് ഒരു പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കണമെന്ന ആവശ്യത്തിൻമേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

അത്തൂർ മണ്ഡലത്തിലെ ദ്വീപ് പഞ്ചായത്തായ പെരുമ്പയത്ത് ഒരു പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കണമെന്ന കാര്യം, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പോലീസ് സ്റ്റേഷനുകളിൽ നടത്തി വരുന്ന വർക്ക് സ്റ്റഡി റിപ്പോർട്ട് ലഭിച്ചതിനുശേഷം മാത്രമേ പരിശോധിക്കാൻ കഴിയുകയുള്ളൂ.

ഗുണ്ടാ ആക്രമണങ്ങൾ

178 (1921) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഗുണ്ടാ ആക്രമണങ്ങൾ എത്ര; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത ആക്രമണങ്ങളിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ട്; എത്ര പേർക്ക് പരിക്കേറ്റിട്ടുണ്ട്; പൊതുപ്രവർത്തകർ, സ്ത്രീകൾ, എസ്.സി., എസ്.റ്റി, എന്നിവരുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.